**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.3780

24/06/2014 ൽ
മറുപടിക്ക്

**ആഴ്ചയിൽ ഒരു ദിവസം ഖാദി വസ്ത്രം ധരിക്കണമെന്ന ഉത്തരവ്**

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ | ഉത്തരം<br>ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പ് മന്ത്രി) |
| --- | --- |
| (എ) ഖാദി, കൈത്തറി വ്യവസായ സംരക്ഷണവുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാരും അധ്യാപകരും ആഴ്ചയിൽ ഒരു ദിവസം കൈത്തറി വസ്ത്രങ്ങൾ ധരിക്കണമെന്ന് നിഷ്കർഷിച്ചു കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ വിശദാംശം വെളിപ്പെടുത്താമോ; | (എ) ഖാദി. കൈത്തറി വ്യവസായ സംരക്ഷണവുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാരും അദ്ധ്യാപകരും ആഴ്ചയിലൊരിക്കൽ ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്ന് അഭ്യർത്ഥിച്ച് 30/12/2006 ൽ സ.ഉ(എം.എസ്) 131/06/വ്യവ, 20/7/2009 ലെ സ.ഉ (എം.എസ്) 957/09/വ്യവ ,27/12/2012 ലെ സ.ഉ(എം.എസ്) 155/12/വ്യവ എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിൽ ഇതുവരെ പുറത്തിറക്കിയ ഉത്തരവുകൾ ലഭ്യമാക്കാമോ ? | (ബി) ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി വച്ചിരിക്കുന്നു. |

Amaden

സെക്ഷൻ ഓഫീസർ

## കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യവസായ വകുപ്പ് - കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കൽ സർക്കാർ ഉദ്യോഗസ്ഥർ ആഴ്ചയിൽ ഒരു ദിവസം ഖാദി/കൈത്തറി വസ്ത്രങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (സി) വകുപ്പ്

സ:ഉ:(എം.എസ്):നം.131/06/വ്യവ. തീയതി, തിരുവനന്തപുരം 30. 12. 2006.

---

## <u>ഉത്തരവ്</u>

ഭാരതത്തിന്റെ പാരമ്പര്യത്തിന്റെയും അതുല്യമായ കരവിരുതിന്റെയും ഉദാത്തമായ ഉദാഹരണമാണ് കൈത്തറി വസ്ത്രം. കൃഷി കഴിഞ്ഞാൽ നമ്മുടെ ജനങ്ങളിൽ ഭൂരിപക്ഷത്തിന് ഏറ്റവും കൂടുതൽ തൊഴിൽ നല്കുന്ന ഒരു മേഖലയാണ് കൈത്തറി വസ്ത്രങ്ങളുടെ നിർമ്മാണം. കൂടാതെ ജനതയുടെ ജീവിതത്തിന് ഊടും പാവും നല്കുന്ന വസ്ത്രങ്ങൾ നമ്മുടെ പരിസ്ഥിതിയ്ക്ക് ഏറെ അനുയോജ്യവും, ആരോഗ്യ സംരക്ഷണത്തിന് അനിവാര്യവുമാണ്.

കേരളത്തിലെ പതിനായിരത്തിലധികം വരുന്ന ഖാദി/കൈത്ത തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനും, പുതിയ വിപണന സൗകര്യങ്ങ വർദ്ധിപ്പിക്കുന്നതിനും, നഷ്ടപ്പെട്ടുപോകുന്ന കേരളീയതയുടെ പവിത്ര നിലനിർത്തുന്നതിനും വേണ്ടി 2007 ജനുവരി ഒന്നു മുതൽ എല്ലാ ശനിയാഴ്ചയ സർക്കാർ ജീവനക്കാർ കഴിയുന്നതും പരമ്പരാഗത ഖാദി/കൈത്തറി വസ്ത്രങ്ങ ഉപയോഗിക്കണമെന്ന് അഭ്യർത്ഥന പുറപ്പെടുവിക്കുന്നു. എല്ലാ കേരളീയര ആഴ്ചയിൽ ഒരു ദിവസം ഖാദി/കൈത്തറി വസ്ത്രങ്ങൾ ധരിച്ച് കൈത്ത മേഖലയുടെ ഉന്നമനത്തിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ സർവ്വാത്മനായുള്ള സഹകരണം നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

കാര്യാലയത്തിൽ ഷൈനിംഗ്/ഫാൻസി വസ്ത്രങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതും അവരവർ ചെയ്യുന്ന ജോലിയ്ക്ക് തടസ്സമില്ലാത്ത വിധത്തിലായിരിക്കണമെന്നും നിർദ്ദേശിക്കുന്നു. ഔദ്യോഗിക യൂണിഫോം ധരിച്ച് ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാരെ മുകളിലെ നിർദ്ദേശങ്ങളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

റ്റി.ബാലകൃഷ്ണൻ
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും.
(ധനകാര്യം, ലെജിസ്ലേച്ചർ, നിയമ വകുപ്പുകൾ ഉൾപ്പെടെ)
എല്ലാ വകുപ്പ് മേധാവികൾക്കും
പൊതുഭരണ (എസ്സ്.സി) വകുപ്പ്. (ക്യാബിനറ്റ് ഇനം 019 തീയതി 27-12-2006)
ഇൻഫർമേഷൻ ആന്റ് പി.ആർ.ഡി. വകുപ്പ്. (വ്യാപകമായ പരസ്യത്തിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.

## കേരള സർക്കാർ

### സംഗ്രഹം

വ്യവസായ വകുപ്പ് - കൈത്തറി/ഖാദി പ്രചാരണം - എല്ലാ കേരളീയരും വാരാന്ത്യങ്ങളിൽ പരമ്പരാഗത കൈത്തറി/ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്ന അഭ്യർത്ഥന അംഗീകരിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

വ്യവസായ (സി) വകുപ്പ്.

സ.ഉ.(കൈയെഴുത്ത്)957/2009/വ്യവ. തിരുവനന്തപുരം. തീയതി 20. 07.2009.

വായന : 1. 30/12/2006 ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത് ) നമ്പർ 131/2006/വ്യവ.

2. 11/7/2008 ലെ 2907/സി2/08/വ്യവ. നമ്പർ സർക്കുലർ

### ഉ ത്ത ര വ്

കേരളീയരെ വ്യത്യസ്തരാക്കുന്നതു ഭാഷയും, വേഷവും, സംസ്കാരവും, ശുചിത്വവും, ആഹാരരീതിയുമെല്ലാമാണ്. ഇതിന്റെയെല്ലാം പ്രത്യക്ഷീകരണമാണ് വേഷം. കാലാവസ്ഥയ്ക്കും, ആരോഗ്യത്തിനും ജീവിതരീതിക്കും ഇണങ്ങുന്ന കേരളീയ വേഷം സംസ്ഥാനത്തിനു കൈമോശം വന്നിരിക്കുകയാണ്. എങ്കിലും വിശേഷദിവസങ്ങളിൽ പരമ്പരാഗത വേഷം ഇന്നും കേരളീയർ ഇഷ്ടപ്പെടുന്നു.

പാരമ്പര്യ കലാകാരന്മാർ കൈകൊണ്ടു നെയ്യുന്ന കൈത്തറി/ഖാദി വസ്ത്രങ്ങൾ ധരിക്കുമ്പോൾ ആത്മാഭിമാനവും, സ്വാശ്രയത്വവും ഉണരുക മാത്രമല്ല ചെയ്യുന്നത്, ഇവ നെയ്യുന്ന പതിനായിരങ്ങളുടെ ജീവിത മാർഗ്ഗം സംരക്ഷിക്കപ്പെടുകയുമാണ്.

ഇതിനെല്ലാമായി 2007-ന്റെ പുലരിയിൽ കേരള സമൂഹത്തോടു സർക്കാർ ഒരു അഭ്യർത്ഥന നടത്തിയിരുന്നു. ആഴ്ചയിൽ ഒരു ദിവസമെങ്കിലും കൈത്തറി/ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്ന്. ഇതു പരക്കെ സ്വാഗതം ചെയ്യപ്പെട്ടു. മിക്ക ഉദ്യോഗസ്ഥരും അവസരത്തിനൊത്തുയർന്നു. പല വിദ്യാലയങ്ങളും കൈത്തറി/ഖാദി യൂണിഫോം സ്വീകരിച്ചു. ഇവയുടെ വില്പന ഉയർന്നു.

എങ്കിലും കേരളത്തനിമയ്ക്കു കൈത്തറി എന്ന പ്രസ്ഥാനം ഉദ്ദേശിച്ചത്ര വളർന്നില്ല. അതുകൊണ്ടു വീണ്ടും അഭ്യർത്ഥിക്കുന്നു.

ആൺ, പെൺ,ശിശു വ്യത്യാസമില്ലാതെ മുഴുവൻ കേരളീയരും വാരാന്ത്യങ്ങളിലെങ്കിലും (ശനി, ഞായർ) കൈത്തറി/ഖാദി വസ്ത്രങ്ങൾ (മുണ്ട്, സാരി മറ്റു പരമ്പരാഗത വേഷം) ധരിക്കുമെന്നു സ്വയം പ്രതിജ്ഞയെടുക്കണം. വീട്ടിൽ സദാ കൈത്തറിയോ ഖാദിയോ മാത്രമെന്നും തീരുമാനിക്കുക. അങ്ങനെ ഈ വ്യവസായത്തേയും സംസ്ഥാനത്തിന്റെ പാരമ്പര്യത്തേയും രക്ഷിച്ചു വളർത്താൻ ഓരോരുത്തരോടും കേരള സർക്കാർ അഭ്യർത്ഥിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നീല ഗംഗാധരൻ
ചീഫ് സെക്രട്ടറി.

എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും.

(ധനകാര്യം, ലെജിസ്ലേച്ചർ, നിയമ വകുപ്പുകൾ ഉൾപ്പെടെ).

എല്ലാ വകുപ്പ് മേധാവികൾക്കും.

ഇൻഫർമേഷൻ ആന്റ് പി.ആർ.ഡി.വകുപ്പ് (വ്യാപകമായ പരസ്യത്തിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

5102
28/12/12

**കേരള സർക്കാർ**

<u>സംഗ്രഹം</u>

വ്യവസായ വകുപ്പ് - ഖാദി/കൈത്തറി വസ്ത്രങ്ങളുടെ പ്രചരണം - സർക്കാർ ജീവനക്കാരും, അദ്ധ്യാപകരും പൊതുമേഖലാ/സഹകരണ മേഖലയിലെ ജീവനക്കാരും ബുധനാഴ്ച ദിവസം ഖാദി/കൈത്തറി വസ്ത്രം ധരിക്കണമെന്ന അഭ്യർത്ഥന അംഗീകരിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (കെ) വകുപ്പ്

സ.ഉ.( കൈയ്യെഴുത്ത്) നം.155/2012/വ്യവ. തീയതി, തിരുവനന്തപുരം, 27/12/2012.

---

പരാമർശം:- (1) 30/12/2006-ലെ വ്യവസായ (സി) വകുപ്പിന്റെ സ.ഉ.(എം.എസ്) നം.131/06/വ്യവ. നമ്പർ സർക്കാർ ഉത്തരവ്.

(2) 11/07/2008-ലെ വ്യവസായ (സി) വകുപ്പിന്റെ 2907/സി2/08/വ്യവ. നമ്പർ സർക്കുലർ.

(3) 20/07/2009-ലെ വ്യവസായ (സി) വകുപ്പിന്റെ സ.ഉ(കൈയെഴുത്ത്) 957/2009/വ്യവ. നമ്പർ സർക്കാർ ഉത്തരവ്.

<u>ഉത്തരവ്</u>

ഭാരതത്തിന്റെ തനതായ സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും, അതുല്യമായ കരവിരുതിന്റെയും ഉത്തമ ഉദാഹരണമാണ് ഖാദി/കൈത്തറി വസ്ത്രം. കാർഷിക വൃത്തി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്ന മേഖലയാണ് ഖാദി/കൈത്തറി വസ്ത്രങ്ങളുടെ നിർമ്മാണം. നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ ഖാദി/കൈത്തറി വസ്ത്രധാരണം പ്രോത്സാഹിപ്പിക്കുകയും, ഇതിലൂടെ ദേശസ്നേഹവും, ആത്മാഭിമാനവും, സ്വാശ്രയത്വവും ഉയർത്തിക്കൊണ്ടു വരേണ്ടതിന്റെ ആവശ്യകത നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി അടക്കമുള്ള ജനനേതാക്കൾ സ്വാതന്ത്ര്യ സമരവേളയിൽതന്നെ നമ്മെ ബോധ്യപ്പെടുത്തിയിരുന്നു. എല്ലാറ്റിനുമുപരി ഖാദി/കൈത്തറി വസ്ത്രങ്ങൾ നെയ്യുന്ന പതിനായിരങ്ങളുടെ ജീവിതമാർഗ്ഗം സംരക്ഷിക്കപ്പെടുക എന്ന ലക്ഷ്യവും ഇതിനുണ്ടായിരുന്നു.

2. മേൽപ്പറഞ്ഞ സാഹചര്യത്തിലാണ് പരാമർശത്തിലെ ഉത്തരവുകൾ പ്രകാരം ഖാദി/കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികളുടെ ഭാഗമായി സർക്കാർ ജീവനക്കാർ വാരാന്ത്യങ്ങളിൽ (എല്ലാ ശനിയാഴ്ചകളിലും) കഴിവതും ഖാദി/കൈത്തറി വസ്ത്രങ്ങൾ ധരിക്കണമെന്ന് സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നത്. തുടക്കത്തിൽ ഇത് പരക്കെ സ്വാഗതം ചെയ്യപ്പെട്ടുവെങ്കിലും കാലക്രമേണ ടി നിർദ്ദേശം തുടർന്നു പാലിക്കപ്പെടുന്നതിൽ പ്രകടമായ താൽപര്യമില്ലായ്മ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ ആഴ്ചയിലൊരിക്കൽ ഖാദി/കൈത്തറി വസ്ത്രങ്ങൾ ധരിക്കണമെന്ന സർക്കാർ ഉത്തരവുകൾ പാലിക്കപ്പെടുന്നില്ല എന്നത് ജനപ്രതിനിധികൾ നിയമസഭയിലും ഉന്നയിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് വിശദമായി പരിശോധിച്ച് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്ന് നിയമസഭയ്ക്ക് ഉറപ്പ് നൽകിയിരുന്നു.

പ്രാരാന്ത്യങ്ങളിലായതിനാൽ സർക്കാർ മേഖലയിലെ അദ്ധ്യാപകരടക്കമുള്ള ജീവനക്കാർക്ക് മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കുവാൻ കഴിയുന്നില്ല എന്ന വസ്തുതയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3 ഈ സാഹചര്യത്തിൽ നമ്മുടെ പരമ്പരാഗതമേഖലയെ സംരക്ഷിക്കുന്നതിൽ പങ്കാളികളാകാൻ എല്ലാ സർക്കാർ ജീവനക്കാരും അദ്ധ്യാപകരും, പൊതുമേഖല/സഹകരണ മേഖലയിലെ ജീവനക്കാരും 2013 പുതുവത്സരാരംഭം മുതൽ ആഴ്ചയിലൊരിക്കൽ (ബുധനാഴ്ച ദിവസം) ഖാദി/കൈത്തറി വസ്ത്രം ധരിക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വി. സോമസുന്ദരൻ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
(ധനകാര്യം, ലെജിസ്ലേച്ചർ നിയമ വകുപ്പുകൾ ഉൾപ്പെടെ).
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെ മേധാവികൾക്കും.
സഹകരണ സംഘം രജിസ്ട്രാർ.
സെക്രട്ടറി, കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്.
ഡയറക്ടർ, ക്ഷീരവികസന വകുപ്പ് .
ഡയറക്ടർ, കൈത്തറിയും വസ്ത്രവും.
ഡയറക്ടർ, ഫിഷറീസ് വകുപ്പ്.
ഡയറക്ടർ, കയർ വികസന വകുപ്പ്.
ഇൻഫർമേഷൻ & പി.ആർ.ഡി. വകുപ്പ് (വ്യാപകമായ പരസ്യത്തിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
വ്യവസായ വകുപ്പ് മന്ത്രിയുടെ പ്രൈവററ് സെക്രട്ടറി.
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.